milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:15:MLP:801 16.03.2024

## സർക്കുലർ 979./2024

വിഷയം:- ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾക്ക് അധിക പാൽവില നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1) മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 20.02.2024 തിയ്യതിയിലെ 63/(GEN)/5-ാം നമ്പർ തീരുമാനം.

2) മലബാർ മേഖലാ യൂണിയന്റെ 31.01.2024 തീയ്യതിയിലെ 973/2024 നമ്പർ സർക്കുലർ.

3) മലബാർ മേഖലാ യൂണിയന്റെ 21.02.2024 തീയ്യതിയിലെ 975/2024 നമ്പർ സർക്കുലർ.

മേൽ സൂചന സർക്കുലറുകൾ പ്രകാരം, മേഖലാ യൂണിയൻ 2024 ജനുവരി മാസത്തെ പാലളവിന് അനുസൃതമായി നൽകിയ 1 രൂപ 50 പൈസയും, മാർച്ച് മാസത്തിൽ അളക്കുന്ന പാലളവിന് അനുസൃതമായി നൽകുവാൻ പ്രഖ്യാപിച്ച 4 രൂപയും ചേർത്ത് ആകെ 5 രൂപ 50 പൈസ 2024 മാർച്ച് മാസത്തിൽ ക്ഷീര കർഷകർക്ക് നൽകുന്ന കാര്യം അറിയിച്ചിരുന്നുവല്ലോ. ഇതിനു പുറമെ, മേഖലാ യൂണിയനിലേക്കു പാൽ അയക്കുന്ന എല്ലാ ആനന്ദ് മാതൃക ക്ഷീരസംഘങ്ങൾക്കും 2024 മാർച്ച് 1 മുതൽ 31 വരെ മിൽമയ്ക്ക് ലഭിച്ച പാലിനെ അടിസ്ഥാനമാക്കി 1 രൂപ 50 പൈസ കൂടി ഈസ്റ്റർ, റംസാൻ, വിഷു എന്നീ ആഘോഷങ്ങൾ പ്രമാണിച്ച് അധിക പാൽവിലയായി നൽകുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഇത് പാലിന്റെ ഗുണനിലവാരം (SNF%) അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 1 രൂപ 50 പൈസ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന്/12% എങ്കിലും മൊത്തം ഖരപദാർത്ഥങ്ങൾ ഇല്ലാത്തതുമായ പാലിന് ലിറ്ററിന് 1 രൂപ 25 പൈസ പ്രകാരം. |

ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾ 01.03.2024 മുതൽ 31.03.2024 വരെയുള്ള പാലിന് മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) **ഈസ്റ്റർ, റംസാൻ, വിഷു** എന്നീ ആഘോഷങ്ങളുടെ ഭാഗമായി 2024 ഏപ്രിൽ ആദ്യവാരത്തോടെ വിതരണം ചെയ്യേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു. 2024 മാർച്ച് മാസത്തെ 4-ാം നമ്പർ മിൽക്ക്

milma

**Malabar Regional Co-operative Milk Producers' Union Ltd.**
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

ബില്ലായി ഈ തുക മിൽമ ക്ഷീര സംഘങ്ങൾക്ക് നൽകുന്നതാണ്. ആയത് ക്യാഷ് ബുക്കിൽ 30.04.2024 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് അധികാരികൾക്ക്, 15.05.2024 നു മുമ്പായി ക്ലെയിം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധിക പാൽ വില തിരികെ ഈടാക്കുന്നതായിരിക്കും.

16/3/24

**മാനേജിംഗ് ഡയറക്ടർ**

16/3

മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ് :

1. ജനറൽ മാനേജർ
2. സീനിയർ മാനേജർ, കോഴിക്കോട് ഡെയറി
3. എല്ലാ ഡെയറി മാനേജർമാർക്കും
4. മാനേജർ (പി ആന്റ് ഐ)
5. മാനേജർ (എം.ഐ.എസ് & എസ്)
6. മാനേജർ (ഫിനാൻസ്)
7. ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
8. പി&ഐ സബ് യൂണിറ്റ് മേധാവികൾ

(1–8) മേൽ നടപടികൾക്കായി

9. ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
10. മാനേജർ, എം.പി.എഫ് പ്രൊജക്ട്
11. പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
12. ഡെയറി മാനേജർ, സി.പി.ഡി
13. പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
14. അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
15. www.mrcmpu.com/E-Stock Files

(9–14) അറിവിലേയ്ക്കായി

MALABAR REGIONAL CO-OPERATIVE MILK PRODUCERS UNION LTD. ★ No. D 89 (D) H.O. Calicut

**2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ..............................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ മിൽമയിൽ നൽകിയ

   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (................ രൂപ പ്രകാരം)
7. 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഭരിച്ച പാലിന്

   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഘം സംഭരിച്ച ....................................ലിറ്റർ പാലിന് അധിക വിലയായി..............................രൂപ (.......................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത്...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.................................................................ക്ഷീരോൽപ്പാദക സഹകരണ സംഘം 2024 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് ......................തിയ്യതി പരിശോധിച്ചു. ആയതിനാൽ ......................രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി